# കർത്താവായ യേശുക്രിസ്തുവിനെ ധരിക്കുവിൻ

റോമ 13:14

## വിചിന്തനം

ഫെബ്രുവരി 2023

കൽക്കരിക്കട്ടയെ പൊന്നാക്കിമാറ്റുന്ന ദൈവവചനം ഇന്നും പ്രവർത്തന നിരതമാണ്. ഈ വചനം സ്പർശിച്ചപ്പോൾ ജീവിതത്തിന്റെ ചപലതകളെ വലിച്ചെറിഞ്ഞ വിശുദ്ധ ആഗസ്റ്റിൻ തന്റെ പഴയ ജീവിതത്തെക്കുറിച്ച് ആത്മകഥയിൽ കുറിച്ചതിങ്ങനെയാണ്, 'മോഹത്തിന്റെ ചെളിനിറഞ്ഞ ഇരുട്ടിൽ നിന്നും സ്നേഹത്തിന്റെ സൗന്ദര്യത്തെ തിരിച്ചറിയാൻ കഴിയാത്തവിധം പാപത്തിനോടുള്ള ചായ്വും യുവത്വത്തിന്റെ ക്രമരഹിതമായ വികാരങ്ങളും എന്റെ ആത്മാവിനെ അവ്യക്തമാക്കുകയും ഇരുണ്ടതാക്കുകയും ചെയ്തു.' അന്ധകാരപൂരിതമായ ഈ ജീവിതത്തിൽനിന്ന് തന്നെ മോചിപ്പിക്കുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളൂ എന്ന് തിരിച്ചറിഞ്ഞ അഗസ്റ്റിൻ ഒരു ഉദ്യാനത്തിൽ ദൈവകരുണയ്ക്കായി പ്രാർഥിക്കുമ്പോൾ 'എടുത്തു വായിക്കുക' എന്ന സ്വരം കേൾക്കുന്നു. വിശുദ്ധിയുടെ സൗരഭ്യത്തിലേക്ക് അദ്ദേഹത്തെ ഉയർത്തുവാൻ ഇടയാക്കിയ ആ വചനമാണ് ഈ മാസത്തെ നമ്മുടെ ധ്യാനവിഷയം. 'കർത്താവായ യേശുക്രിസ്തുവിനെ ധരിക്കുവിൻ. ദുർമോഹങ്ങളിലേക്കു നയിക്കത്തക്കവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ.'

പ്രഭാതത്തിലുണരുമ്പോൾ രാത്രിയിലെ വസ്ത്രം മാറ്റി നാം പകലിനനുയോജ്യമായ വസ്ത്രം ധരിക്കുന്നു. അണിഞ്ഞിരിക്കുന്ന വസ്ത്രം നമ്മുടെ പെരുമാറ്റത്തെ സ്വാധീനിക്കാറുണ്ട്. ദിവസങ്ങളുടെ പ്രത്യേകത അനുസരിച്ചാണ് നാം വസ്ത്രം തിരഞ്ഞെടുക്കുന്നത്. പുറം ജോലികൾക്കോ കായികമായുള്ള ജോലികൾ ഉള്ളപ്പോഴോ അതിനുപറ്റിയ വസ്ത്രമാണ് നാം ധരിക്കാറ്. അതിൽ ചെളി പറ്റിയാലോ മുഷിഞ്ഞാലോ നാം അത്ര ശ്രദ്ധിക്കാറില്ല. നേരേമറിച്ചു നാം തൂവെള്ള വസ്ത്രമാണ് ഉടുക്കുന്നതെങ്കിലോ? വസ്ത്രത്തിൽ നേരിയ അഴുക്കുപോലും പറ്റാതിരിക്കാൻ നാം പ്രത്യേകമായി ശ്രദ്ധിക്കും. നാം ഇരിക്കാനൊരുങ്ങുമ്പോഴും ചാരാൻ ഒരുങ്ങുമ്പോഴും അഴുക്കൊന്നും കാണുന്നില്ലെങ്കിലും ഒന്നുകൂടെ തുടച്ചിട്ടേ ഇരിക്കുകയുള്ളൂ. അൽപം അഴുക്കുപറ്റിയാൽ പോലും നാം അസ്വസ്ഥരാകും. അത് എങ്ങനെ തുടച്ചുകളയാമെന്നായിരിക്കും നമ്മുടെ ചിന്ത. ഇനി നാം അശ്രദ്ധമായിട്ടാണ് പെരുമാറുന്നതെങ്കിലോ? ചുരുങ്ങിയ സമയംകൊണ്ട് വെള്ളവസ്ത്രം കറയും അഴുക്കുംകൊണ്ട് നിറയും. മറ്റുള്ളവരുടെ മുൻപിൽ നാം പരിഹാസ്യരായി തീരുകയും ചെയ്യും.

രാത്രിയെ പഴയ ജീവിതമായിട്ടും പകലിനെ യേശുവിലുള്ള പുതിയ ജീവിതമായിട്ടുമാണ് പൗലോസ് ശ്ലീഹാ ഇവിടെ അവതരിപ്പിക്കുന്നത്. പകലേറെയായിട്ടും ഉറങ്ങുന്ന മക്കളെ കാണുമ്പോൾ അലോസരപ്പെടുന്ന അപ്പന്റെ ഭാവമാണിവിടെ ശ്ലീഹായ്ക്ക്. നിദ്ര വിട്ടുണരേണ്ട മണിക്കൂറാണിതെന്നു ശ്ലീഹാ സഭയെ ഓർമിപ്പിക്കുന്നു. കാരണം യേശുവാകുന്ന പ്രഭാത സൂര്യന്റെ സ്നേഹകിരണങ്ങൾ നമ്മെ തഴുകുമ്പോൾ സ്വാർഥതയുടെ പുതപ്പിനുള്ളിൽ ഇനിയും നമുക്കെങ്ങനെ മയങ്ങാനാകും? പകലിന്റെ പൈതൽ അതിന് യോജിച്ചവിധം പെരുമാറുക തന്നെ വേണം.

പ്രകാശത്തിൽ നടക്കുവാൻ രണ്ടു കാര്യങ്ങളാണ് നാം ചെയ്യേണ്ടത്. കർത്താവായ യേശുക്രിസ്തുവിനെ ധരിക്കണം, ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കണം. യേശുവിനെ രക്ഷകനും കർത്താവുമായി നാം ബോധപൂർവം സ്വീകരിച്ചാൽ വെള്ളവസ്ത്രം ധരിക്കുന്നതുപോലുള്ള ജാഗ്രത നമ്മുടെ എടുപ്പിലും നടപ്പിലും ഉണ്ടാകും. ഭവനങ്ങളിൽ വിശുദ്ധ കുർബാന നൽകാൻ പോകുന്ന വൈദികരെ കണ്ടിട്ടില്ലേ? ആ സമയമത്രയും അവർ മറ്റെന്തിലെങ്കിലും ശ്രദ്ധിക്കുകയോ സംസാരിക്കുകയോ ചിന്തിക്കുകയോ ചെയ്യാറില്ല; പ്രത്യുത നിശബ്ദമായി പ്രാർഥിച്ചുകൊണ്ട് നടക്കും. നാം ക്രിസ്തുവിനെ ധരിച്ചാൽ അവൻ നമ്മിലുണ്ടെന്ന അവബോധം നന്മയിൽ വ്യാപാരിക്കാൻ തുണയാകും. നിരന്തര ദൈവസാനിധ്യബോധം നമ്മെ എല്ലാ പാപസാഹചര്യങ്ങളിൽ നിന്നും അകറ്റുകയും വിശുദ്ധമായി ജീവിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യും.

ക്രിസ്തുവിനെ ധരിക്കുക എന്നാൽ എന്തായിരിക്കും ശ്ലീഹാ അർഥമാക്കുക? 'അതിനാൽ, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വാത്സല്യഭാജനങ്ങളും പരിശുദ്ധരുമെന്ന നിലയിൽ നിങ്ങൾ കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിക്കുവിൻ.' (കൊളോ 3, 12). ക്രിസ്തു സ്വഭാവമെന്ന വസ്ത്രമാണ് നാം അണിയേണ്ടത് എന്ന് ഇവിടെ വ്യക്തമാണ്. അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കുകടന്ന ദൈവപൈതലിന്റെ സവിശേഷത നമ്മുടെ സ്വഭാവത്തിലും പ്രതിഫലിപ്പിക്കത്തക്ക രീതിയിൽ യേശുവിൽ മുങ്ങിത്താഴണമെന്നു സാരം. ജ്ഞാനസ്നാനത്തിലൂടെ നാം ക്രിസ്തുവിനെ ധരിച്ചവരാണ്.(ഗലാ 3:27). കൂടെക്കൂടെ അനിവാര്യമാകുന്ന ഈ ഓർമപ്പെടുത്തൽ നാം ക്രിസ്തുവിന്റേതാണ് എന്ന ബോധ്യം അരക്കിട്ടുറപ്പിക്കുന്നു. നമ്മുടെ ചിന്തകളിലുംസ്വപ്നങ്ങളിലും ക്രിസ്തു പ്രേരിതമായ ആത്മീയ അഭിലാഷങ്ങൾ നിറയുമ്പോൾ (റോമ 8 :6) ദുർമോഹങ്ങളിലേക്ക് നയിക്കുന്ന ചിന്തകൾക്ക് ഇടമില്ലാതാകുന്നു.

ഈ വസ്ത്രം നാം എങ്ങിനെയാണ് ധരിക്കേണ്ടത്? ജോസഫ് തന്റെ കൈനീളമുള്ള കുപ്പായം അഭിമാനത്തോടെ ധരിച്ചതുപോലെ തന്നെ. ദൈവപിതാവ് നമ്മോടുള്ള വലിയ കാരുണ്യത്താൽ ജ്ഞാനസ്നാനത്തിൽ നമ്മെ ക്രിസ്തുവിനാൽ പുതപ്പിച്ചു. ലോകത്തിനനുരൂപരാകാതെ നാം ജീവിക്കുമ്പോൾ പലരും നമ്മെ അവഗണിക്കുകയും എതിർക്കുകയും ചെയ്യും. അപ്പന് തന്നോടുള്ള സ്നേഹത്തിന്റെ അടയാളമായ കുപ്പായം സഹോദരരുടെ വെറുപ്പിനെ കാര്യമാക്കാതെ ധരിച്ച ജോസഫ് നമുക്ക് മാതൃകയാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്ന, അവന്റെ നാമധാരികളായ (Jesus Youth) നാം ക്രിസ്തുധാരികളായി ജീവിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്. ലോകത്തിന്റെ മേൽ ഇരുട്ട് പരക്കാതിരിക്കണമെങ്കിൽ ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ നാം ധരിക്കുകയും അവനെ പ്രകാശിപ്പിക്കുകയും വേണം. വിശുദ്ധ അഗസ്റ്റിനെ പോലെ ഈ വചനം എടുത്തു വായിക്കാം. ജീവിക്കാം. അത് നമ്മുടെ വികാരങ്ങൾക്കു ക്രമവും ആത്മാവിനു വ്യക്തതയും പകരും. ക്രിസ്തുവിന്റെ മനോഭാവം ക്രമാനുഗതമായി നമ്മിൽ വളരുകയും ചെയ്യും.

---

റെന്നി ജോസഫ് ഞാറക്കുളം
മൂന്നു ദശാബ്ദത്തിലേറെയായി ജീസസ് യൂത്തിൽ സജീവ സാന്നിധ്യമായ റെന്നി സ്കൂൾ അധ്യാപകനും കേരള കൗൺസിലിന്റെ ആനിമേറ്ററും ആണ്. ഭാര്യ മിനിയോടും നാല് മക്കളോടുമൊപ്പം കോഴിക്കോട് താമസം.